**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **29-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവ. കോളേജിന് സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ഗവ. കോളേജിനായി സ്ഥലമേറ്റെടുക്കാൻ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപടികൾ തുടങ്ങിയിട്ട് വർഷങ്ങളായിട്ടും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിനായി കിഫ്ബി ഫണ്ടുപയോഗിച്ച് ഭൂമിയേറ്റെടുക്കുന്നതിന് 19.02.2021ൽ 1,19,35,632/- രൂപയുടെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തയ്യായിരത്തി അറുനൂറ്റി മുപ്പത്തി രണ്ട് രൂപ) ഭരണാനുമതി നൽകിയിരുന്നു. മലപ്പുറം ജില്ലാ കളക്ടർ 07.01.2025 ൽ പ്രസ്തുത ഭൂമിയുടെ വിശദ വില വിവര പട്ടിക (DVS) അംഗീകരിച്ചുകൊണ്ട് 3,55,32,841 /- (മൂന്ന് കോടി അൻപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ) രൂപയായി തുക ഉത്തരവാകുകയും, തുടർന്ന് സൊളേഷ്യവും, 1.2 multiplication factor ഉം, മരങ്ങളുടെ വിലയും ചേർത്ത് ആകെ വില 3,90,29,415/- (മൂന്ന് കോടി തൊണ്ണൂറ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ) രൂപയായി ഉയർത്തപ്പെടുകയുണ്ടായി. പ്രസ്തുത തുക കിഫ്ബി ഭരണാനുമതി തുകയിൽ അധികരിച്ചതിനാൽ തുകയിൽ വ്യതിയാനം വരുത്തുന്നതിനുള്ള അന്തിമഘട്ട നടപടികൾ കിഫ്ബിയിൽ സ്വീകരിക്കേണ്ടതായി വന്നു. 05.05.2025-ൽ 3.96 കോടി രൂപയ്ക്ക് പുതുക്കിയ ധനാനുമതി കിഫ്ബിയിൽ നിന്നും നൽകുകയും ചെയ്തിരുന്നു.<br><br>2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലെ (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 19(1) പ്രകാരമുള്ള ഭൂമിയേറ്റെടുക്കുന്നതിനുള്ള പ്രഖ്യാപനം 25.07.2025 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പലിശ ഇനത്തിലെ അഡിഷണൽ കോമ്പൻസേഷൻ ഇനത്തിലെ 9,92,162/-(ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നൂറ്റി അറുപത്തിരണ്ട് രൂപ) രൂപയും ചേർത്ത് 10.09.2025-ൽ 4.06 കോടി രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റേടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂമിയേറ്റേടുത്ത് കൈമാറുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കി കോളേജിന് പൂർണ്ണസജ്ജമായി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിനായി കിഫ്ബി ഫണ്ടുപയോഗിച്ച് ഭൂമിയേറ്റെടുക്കുന്നതിന് 19.02.2021ൽ 1,19,35,632/- രൂപയുടെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തയ്യായിരത്തി അറുനൂറ്റി മുപ്പത്തി രണ്ട് രൂപ) ഭരണാനുമതി നൽകിയിരുന്നു. മലപ്പുറം ജില്ലാ കളക്ടർ 07.01.2025 ൽ പ്രസ്തുത ഭൂമിയുടെ വിശദ വില വിവര പട്ടിക (DVS) അംഗീകരിച്ചുകൊണ്ട് 3,55,32,841 /- (മൂന്ന് കോടി അൻപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ) രൂപയായി തുക ഉത്തരവാകുകയും, തുടർന്ന് സൊളേഷ്യവും, 1.2 multiplication factor ഉം, മരങ്ങളുടെ വിലയും ചേർത്ത് ആകെ വില 3,90,29,415/- (മൂന്ന് കോടി തൊണ്ണൂറ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ) രൂപയായി ഉയർത്തപ്പെടുകയുണ്ടായി. പ്രസ്തുത തുക കിഫ്ബി ഭരണാനുമതി തുകയിൽ അധികരിച്ചതിനാൽ തുകയിൽ വ്യതിയാനം വരുത്തുന്നതിനുള്ള അന്തിമഘട്ട നടപടികൾ കിഫ്ബിയിൽ സ്വീകരിക്കേണ്ടതായി വന്നു. 05.05.2025-ൽ 3.96 കോടി രൂപയ്ക്ക് പുതുക്കിയ ധനാനുമതി കിഫ്ബിയിൽ നിന്നും നൽകുകയും ചെയ്തിരുന്നു.<br><br>2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലെ (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 19(1) പ്രകാരമുള്ള ഭൂമിയേറ്റെടുക്കുന്നതിനുള്ള പ്രഖ്യാപനം 25.07.2025 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പലിശ ഇനത്തിലെ അഡിഷണൽ കോമ്പൻസേഷൻ ഇനത്തിലെ 9,92,162/-(ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നൂറ്റി അറുപത്തിരണ്ട് രൂപ) രൂപയും ചേർത്ത് 10.09.2025-ൽ 4.06 കോടി രൂപയ്ക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റേടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂമിയേറ്റേടുത്ത് കൈമാറുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | തടസ്സങ്ങൾ മാറ്റി കോളേജ് പൂർണ്ണസജ്ജമായി പ്രവർത്തനമാരംഭിക്കുന്നതിനും അതുവഴി കോളേജിന് | (സി) | ഭൂമിയേറ്റെടുക്കലിന് ശേഷം കോളേജിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനം കിഫ്ബി ഫണ്ടുപയോഗിച്ച് |

| | | | |
|---|---|---|---|
| | കിട്ടേണ്ട വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | നടത്തുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെ (KITCO) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ